A 712

# സമഗ്ര ശിക്ഷാ, കേരളം
# പാദവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് : 7

അടിസ്ഥാന പാഠാവലി

സമയം: 2 മണിക്കൂർ

നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈസമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

കവിത വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഗ്രാമമഴ

പെരുമഴപെയ്തു ഗ്രാമത്തിൽ
വഴികളിലെല്ലാം ചളിപിളിയായ്
ഇടവഴിപോലെ ഉണങ്ങിയ തോട്ടിൽ
പെരിയ ജലപ്പാമ്പിഴയുകയായ്
എലികളെറുമ്പുകൾ പാമ്പുകളിങ്ങനെ
മടകളിൽ വാഴുന്നോർക്കെല്ലാം
പെരുമഴ വലിയൊരു വിനയായി.
അതികഠിനം വേനൽച്ചൂടിൽ
എരിപൊരി കൊണ്ട് കഴിഞ്ഞോർക്ക്
പെരുമഴ സുഖദം കുളിർമഴയായ്
ഇലകളിൽ മഴയുടെ മോഹനനൃത്തം
ഇടിയുടെ മേളം കാറ്റിന്നീണം
കതിരിടുവാനായ് നിൽക്കും വയലിൽ
കാണുക ഹരിതത്തിരമാല .

(വിശ്വൻ)

1. ഹരിതത്തിരമാല കാണുന്നതെവിടെ?
എ) കടലിൽ, ബി) മഴയിൽ, സി) വയലിൽ
2. മട എന്ന പദത്തിന് സമാനമായ പദം താഴെ കൊടുത്തവയിൽ നിന്ന് തെരഞ്ഞെടുക്കാമോ?
എ) മാളം, ബി) വീട്, സി) കാട്
3. വേനൽച്ചൂടിന്റെ കാഠിന്യത്തെ സൂചിപ്പിക്കാൻ കവിതയിൽ ചേർത്തിരിക്കുന്ന ശൈലിയേത്?
എ) കിടുകിടെ വിറച്ചു, ബി) എരിപൊരി കൊണ്ടു, സി) വേദന കൊണ്ടു പുളഞ്ഞു.
4. പെരുമഴപെയ്തപ്പോൾ സംഭവിച്ചത് എന്ത്?
എ) വേനൽച്ചൂട് അതികഠിനമായി, ബി) വഴികളിലെല്ലാം ചളിപിളിയായി, സി) തോടുകൾ ഉണങ്ങി വരണ്ടു.
5. ജലപ്പാമ്പിഴയുകയായ് എന്ന പ്രയോഗത്തിന്റെ ആശയമെന്ത്?
എ) ജലം പാമ്പിനെ പോലിഴഞ്ഞു
ബി) പാമ്പ് ജലത്തെപ്പോലിഴഞ്ഞു
സി) ജലത്തിൽ പാമ്പിഴഞ്ഞു.

പ്രവർത്തനം 2 ജീവചരിത്രക്കുറിപ്പ്

കൊച്ചനുജൻ എന്ന കവിതയിലൂടെ ഇടശ്ശേരി നമുക്കു പ്രിയപ്പെട്ട കവിയായി. ഇടശ്ശേരിയെക്കുറിച്ച് പ്രശസ്ത കവികളായ സച്ചിദാനന്ദനും എം. ഗോവിന്ദനും എഴുതിയ വരികൾ വായിക്കാം.

**ഇടശ്ശേരി**

മാവായിപ്പൂക്കുന്നതാരാണ്.
മഴയായിപ്പെയ്തോരിടശ്ശേരി.
കതിരായി വിളയുന്നതാരാണ്.
ഇലയായ് കൊഴിഞ്ഞോരിടശ്ശേരി.
(സച്ചിദാനന്ദൻ)

**ഇടശ്ശേരി നിനവിൽ വരുമ്പോൾ**

ഉടുമുണ്ടും മാറാപ്പും ഞാത്തിക്കെട്ടി
ഉൾനാടൻ കരവിരുതെടുത്തു കാട്ടി
മുനികുമാരനല്ല, മുഴുവനും മനുഷ്യൻ
മുളയിലേ വിളയെറിഞ്ഞ വിത്ത്?
(എം. ഗോവിന്ദൻ)



താഴെ കൊടുത്ത സൂചനകൾ ഉപയോഗപ്പെടുത്തി കവി ഇടശ്ശേരിയുടെ ജീവചരിത്രക്കുറിപ്പു തയാറാക്കാമോ?

1906 ഡിസംബർ 23 നു ജനനം.

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തിനടുത്തുള്ള ഇടശ്ശേരിക്കളം തറവാട്ടിൽ.വക്കീൽ ഗുമസ്തൻ.

മലയാള സാഹിത്യത്തിലെ പൊന്നാനിക്കളരിയുടെ തുടക്കക്കാരൻ.

കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ.

അളകാവലി, കാവിലെ പാട്ട്, കറുത്ത ചെട്ടിച്ചികൾ, പുത്തൻ കലവും അരിവാളും, പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക, കുങ്കുമ പ്രഭാതം, കുറ്റിപ്പുറം പാലം കവിതാ സമാഹാരങ്ങൾ.

കൂട്ടുകൃഷി, നൂലാമാല, ചാലിയത്തി, കളിയും ചിരിയും, എണ്ണിച്ചുട്ട അപ്പം, ഇടശ്ശേരിയുടെ നാടകങ്ങൾ -നാടകങ്ങൾ

പൊരിച്ച നഞ്ഞ്, നാൽപത്തി ഒന്നു സുന്ദരിമാർ -കഥകൾ

1974 ഒക്ടോബർ 16 ന് അന്തരിച്ചു.

പ്രവർത്തനം 3 ആസ്വാദനക്കുറിപ്പ്

## നെല്ലിക്ക

തൊടിയിലെ
നെല്ലിമരത്തിന്റെ ചില്ലകൾ
വാടിക്കരിഞ്ഞു തുടങ്ങി
അച്ഛന്റെ തോളിൽ
കയറിയിട്ടെത്രയോ
നെല്ലിക്ക ഞങ്ങൾ പറിച്ചു
ഞാനുമെൻ കൊച്ച-
നുജത്തിയുമെത്ര നാൾ
നെല്ലിക്ക ചൊല്ലി പിണങ്ങി.
പാവാടത്തുമ്പിൽ
പെറുക്കിയ നെല്ലിക്ക
നാണത്താൽ നീയെത്ര നീട്ടി
ഏട്ടന്റെ നെല്ലിക്ക
തട്ടിയെടുത്തു ഞാൻ
പാടവും തോടും മറഞ്ഞു.
ഉപ്പു ഭരണിയിൽ
കൈയിട്ട ഞങ്ങളെ
നെല്ലിക്ക നോക്കി ചിരിച്ചു.
അമ്മയടിച്ചപ്പോൾ
ആദ്യം കയ്ച്ചതും
പിന്നെ മതിർത്തതും ഓർമ്മ

- രാമകൃഷ്ണൻ എടശ്ശേരി

ചേച്ചിയും അനുജനുമായുള്ള സ്നേഹബന്ധത്തിന്റെ ആഴം കൊച്ചനുജൻ എന്ന കവിതയിൽ തിരിച്ചറിഞ്ഞവരാണല്ലോ നമ്മൾ.
ചേട്ടനും അനുജത്തിക്കുമൊപ്പം നെല്ലിക്ക പങ്കുവെച്ച ഓർമകൾ ആവിഷ്കരിക്കുന്ന മുകളിൽ കൊടുത്ത കവിത- നെല്ലിക്ക വായിച്ചില്ലേ?
ഈ കവിതയുടെ ആശയം പ്രയോഗഭംഗികൾ ഇവയെല്ലാം ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുക.

www.educationobserver.com

പ്രവർത്തനം 4 വിശകലനക്കുറിപ്പ്

ഹരിയാനയിലെ പാനിപ്പത്തിൽ നിന്ന് 15 കിലോമീറ്റർ അകലെയുള്ള കാന്ദ്രയിലെ മുത്തശ്ശിയുടെ വാത്സല്യമേറ്റ് വളർന്നവനാണ് നീരജ് ചോപ്ര. ഭക്ഷണത്തിന്റെ രൂപത്തിലായിരുന്നു മുത്തശ്ശി സ്നേഹം പ്രകടിപ്പിച്ചത്. ഇതോടെ 11 വയസായപ്പോഴേക്കും നീരജിന്റെ ഭാരം 80 കിലോയിൽ കൂടി. കൂട്ടുകാർ കളിയാക്കാൻ തുടങ്ങി. പരിഹാസം കൂടിയതോടെ എങ്ങനെയെങ്കിലും ഭാരം കുറയ്ക്കണമെന്ന് നീരജ് ദൃഢനിശ്ചയം ചെയ്തു. നേരെ പോയത് പാനിപ്പത്തിലുള്ള ജിമ്മിലേക്കാണ്. പക്ഷേ യാത്രക്കിടയിൽ ജാവലിൻ ത്രോ പരിശീലിക്കുന്ന അത്‌ലറ്റുകളെ കണ്ടു. ജാവലിനോട് പ്രിയം തോന്നി. പിന്നീടുള്ള പരിശീലനവും, ഭക്ഷണവും, യാത്രയുമെല്ലാം കാഠിന്യമേറിയതായിരുന്നു. പക്ഷേ നീരജ് പിൻമാറിയില്ല.

> ജീവിതത്തെ തനിക്കും മറ്റുള്ളവർക്കും ഉപയോഗപ്രദമായ ഒരു മനോഹരാരാമമായി മാറ്റുവാൻ കഴിയുമ്പോൾ, ഓരോരുത്തരും സ്വന്തം താത്പര്യങ്ങൾക്കും വികാരങ്ങൾക്കും അനുസരിച്ച് ഓരോ ലോകം സൃഷ്ടിക്കുന്നു.
>
> നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു- കെ.പി കേശവമേനോൻ

അമേരിക്കയിലെ യൂജിനിൽ നടന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ജാവലിൻ ത്രോയിൽ വെള്ളി മെഡൽ ജേതാവായ നീരജ് ചോപ്രയുടെ ജീവിതാനുഭവത്തെയും നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു എന്ന പാഠഭാഗത്തിലെ മുകളിൽ കൊടുത്ത വരികളെയും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

**പ്രവർത്തനം –5 താരതമ്യക്കുറിപ്പ്**

**കുഞ്ഞേടത്തി**

ഏഴാമത്താങ്ങള കൺതുറന്ന്
ഏഴു നാളായപ്പോൾ അമ്മ പോയീ!
താഴെയുള്ളേഴിനും അമ്മയായീ
താഴംപൂ പോലുള്ള കുഞ്ഞേടത്തി!
കണ്ണെഴുതാറില്ലാ കുഞ്ഞേടത്തി!
കണ്ണെഴുതിക്കാനേ നേരമുള്ളൂ!
പൊട്ടുതൊടാറില്ലാ കുഞ്ഞേടത്തി!
പൊട്ടുതൊടീക്കാനേ നേരമുള്ളൂ!
ഉണ്ണാനൊരുങ്ങാനുമില്ല നേരം !
ഉണ്ണികൾക്കെല്ലാം മുറയ്ക്കു വേണ്ടേ?
ഇല്ലൊന്നുറങ്ങാനുമില്ല നേരം!
ഇല്ലത്തെപ്പാടുകളോർത്തിടേണ്ടേ?
കത്തുന്നോരേഴു തിരികൾ ചൂഴും
കുത്തുവിളക്കിന്റെ കൂമ്പുപോലെ
ഏഴു പൊന്നാങ്ങളമാർ നടുവിൽ
ഏവർക്കുമമ്മയായ് കുഞ്ഞേടത്തി.

ഒ.എൻ.വി

ഒ.എൻ.വി കുറുപ്പിന്റെ കുഞ്ഞേടത്തി എല്ലാവരും വായിച്ചല്ലോ....

* ആങ്ങളമാർക്ക് കുഞ്ഞേടത്തി അമ്മയായി മാറിയത് ഏത് സാഹചര്യത്തിലാണ്?
* കുഞ്ഞേടത്തി സഹോദരന്മാർക്ക് എന്തെല്ലാമാണ് ചെയ്തു കൊടുക്കാറ്?
* സ്വന്തം കാര്യങ്ങൾ ചെയ്യാൻ കുഞ്ഞേടത്തിക്ക് സമയം കിട്ടാറുണ്ടോ?

www.educationobserver.com

ഇടശ്ശേരിയുടെ കൊച്ചനുജൻ എന്ന കവിതയിലും അനുജനെ വളരെയധികം സ്നേഹിക്കുന്ന ഒരു ചേച്ചിയെ നമുക്ക് കാണാൻ സാധിച്ചു.

രണ്ട് കവിതയിലെയും ചേച്ചിമാരുടെ സ്വഭാവവും സാഹചര്യങ്ങളും താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കാമോ?

**പ്രവർത്തനം -6 കഥാപാത്ര നിരൂപണം**

അശ്വതി എന്ന കഥയിലെ കഥാപാത്രങ്ങളുടെ സവിശേഷതകളെ കുറിച്ച് ക്ലാസിൽ നടന്ന ചർച്ചയിൽ കുട്ടികൾ അവതരിപ്പിച്ച ചില വാദങ്ങൾ താഴെ കൊടുക്കുന്നു.

**അശ്വതി**

തനിക്ക് കിട്ടിയ മിഠായി അവൾ ഒറ്റയ്ക്ക് കഴിക്കാതെ വീട്ടിലേക്ക് കൊണ്ടുപോവുകയാണ് ചെയ്തത്. വീട്ടിൽ കാത്തിരിക്കുന്നവർക്കു കൂടി മിഠായി നൽകാനാവും അവൾ അങ്ങനെ ചെയ്തത്.

**കഥാകൃത്ത്**

കഥാകൃത്തിന്റെ നല്ല മനസ്സ് കാരണമാണ് അശ്വതിക്ക് മിഠായി ലഭിച്ചത്. അദ്ദേഹത്തിന്റെ സാവധാനത്തിലുള്ള നടത്തത്തിൽ ആ കുട്ടിയെയും അവളുടെ കുടുംബത്തെയും കുറിച്ചുള്ള ചിന്തയാണ് പ്രതിഫലിക്കുന്നത്.

**കച്ചവടക്കാരൻ**

കടയിലെ മിഠായി എല്ലാവർക്കും സൗജന്യമായി നൽകിയാൽ കടക്കാരന്റെ കച്ചവടം തകർന്നു പോവും. എന്നിട്ടും അദ്ദേഹം അവൾക്കൊരു മിഠായി സമ്മാനിച്ചു.

മുകളിൽ പറഞ്ഞ കഥാപാത്രങ്ങളിൽ ആരെയാണ് നിങ്ങൾക്കിഷ്ടമായത്?

ആ കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ, കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം എന്നിവ ചുരുക്കി വിവരിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.